പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1536 | 15.06.2012 ൽ മറുപടിയ്ക്ക് |
|---|---|

## വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | കേരള വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>1. കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കുമായി സഹകരിച്ച് ഗുണഭോക്താവിന് വായ്പാ തിരിച്ചടവ് തൊട്ടടുത്ത ബാങ്കിന്റെ ശാഖയിൽ നടത്തുന്നതിനുള്ള സംവിധാനം സംസ്ഥാനത്തുടനീളം ഏർപ്പെടുത്തുന്നതാണ്.<br>2. കോർപ്പറേഷന്റെ മുഴുവൻ പ്രവർത്തനവും കമ്പ്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നു.<br>3. നിലവിൽ വനിതാ വികസന കോർപ്പറേഷന് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഇല്ലാത്ത ജില്ലകളിൽ കൂടി ഹോസ്റ്റൽ തുടങ്ങുന്നതാണ്.<br>4. നിലവിൽ തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽ കോർപ്പറേഷൻ നടപ്പാക്കുന്ന ഫിനിഷിംഗ് സ്കൂൾ ആയ റീച്ച് മധ്യമേഖലയിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

| | | |
|---|---|---|
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ഇൻഫർമേഷൻ ടെക്നോളജിയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പദ്ധതിയുടെ ഭാഗമായി കോർപ്പറേഷന്റെ മുഴുവൻ പ്രവർത്തനവും കമ്പ്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി കോർപ്പറേഷന്റെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച് മുഴുവൻ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.<br>സ്വയം തൊഴിൽ വായ്പയെടുത്ത 14 ജില്ലകളിലെയും ഗുണഭോക്താക്കൾ കോർപ്പറേഷന്റെ ഓഫീസുകളിൽ നേരിട്ടെത്തിയാണ് വായ്പാതുക തിരിച്ചടയ്ക്കുന്നത്. കോർബാങ്കിംഗ് സംവിധാനമുളള ബാങ്കുമായി സഹകരിച്ച് ഗുണഭോക്താവിന് വായ്പ തൊട്ടടുത്ത ബാങ്കിന്റെ ശാഖയിൽ തിരിച്ചടയ്ക്കാവുന്നതിനുളള സംവിധാനം സംസ്ഥാനത്തുടനീളം ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ